കണക്കാക്കി ഓരോ കർഷകനും നൽകേണ്ട സഹായധനത്തെപ്പറ്റി തീരുമാനമെടുത്തിട്ടുണ്ട്. ടി തുക വിതരണം നടത്താനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

നെൽക്കൃഷിക്കാർക്ക് നഷ്ടപരിഹാരം

208 [224] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കൊല്ലം ഇടവപ്പാതി സമയത്തുപെയ്യാത്തതുകാരണം നെൽക്കൃഷിക്കാർക്കുണ്ടായിട്ടുള്ള നഷ്ടത്തിന് പരിഹാരമായി സാമ്പത്തിക സഹായം നൽകാൻ തയ്യാറാകുമോ ;

(ബി) നഷ്ടം തിട്ടപ്പെടുത്താൻ ആരെയെങ്കിലും നിയോഗിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ആരെ ;

(ഡി) ഇല്ലെങ്കിൽ നഷ്ടം തിട്ടപ്പെടുത്തി സഹായം എത്തിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മഴയില്ലാത്തതുകാരണം നെൽക്കൃഷിക്കാർക്ക് വലിയ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുള്ളതായി റിപ്പോർട്ടുകളില്ല.

(ബി, സി) നാശനഷ്ടങ്ങൾ ഉണ്ടാകുമ്പോൾ അവ അതാതിടത്തെ കൃഷിവകുപ്പുദ്യോഗസ്ഥൻമാരാണ് തിട്ടപ്പെടുത്താറുള്ളത്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

നേമം നിയോജകമണ്ഡലത്തിലെ നെൽക്കൃഷിക്കാർക്ക് നഷ്ടപരിഹാരം

209 [225] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിലെ മാറനല്ലൂർ പഞ്ചായത്തിൽ വരൾച്ച കാരണവും കാറ്റുവീഴ്ചയിലും നശിച്ച് കൃഷിപ്പിഴ സംഭവിച്ച നെൽകൃഷിക്കാർക്ക് നഷ്ടപരിഹാരത്തിനുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ളവിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തെങ്കിലും നടപടികളും സ്വീകരിച്ചുവോ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(സി) കൃഷിവകുപ്പ് ഉദ്യോഗസ്ഥൻമാർ കൃഷിസ്ഥലങ്ങൾ സന്ദർശിച്ച് കൃഷിനാശം തിട്ടപ്പെടുത്തി, ഓരോ കൃഷിക്കാർക്കും നൽകേണ്ട സഹായധനത്തെപ്പറ്റി തീരുമാനമെടുത്തിട്ടുണ്ട്. സഹായധനം കഴിയുന്നതും വേഗം നൽകുന്നതിനുള്ള നടപടി എടുത്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly